# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:989.

05.02.2020-ലെ മറുപടി

## റാന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | റാന്നി നിയോജകമണ്ഡലത്തിലെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികളായ പെരുനാട്-അത്തിക്കയം, അയിരൂർ-കാഞ്ഞീറ്റുകര, നിലയ്ക്കൽ-കൊല്ലമുള, അങ്ങാടി-കൊറ്റനാട് എന്നിവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (NRDWP) യിൽ ഉൾപ്പെടുത്തി 1400 ലക്ഷം രൂപയുടെ അംഗീകാരം നൽകി. ഇതിൽ ഉൾപ്പെട്ട റാ-വാട്ടർ പമ്പിംഗ് മെയ്ൻ, 8 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, കോട്ടുപാറ ജല സംഭരണിയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയ്ൻ (150 എംഎം ഡി.ഐ - കെ - 9 പൈപ്പ്) ഇടപ്രാമലയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയ്ൻ (100 എംഎം ഡി.ഐ - കെ - 9 പൈപ്പ്), മുക്കം ജംഗ്ഷൻ വരെയുള്ള ഗ്രാവിറ്റി മെയ്ൻ (500 എംഎം ഡി.ഐ - കെ - 9 പൈപ്പ്) എന്നിവയുടെ നിർമ്മാണം പൂർത്തിയായി.<br>പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അവശേഷിച്ച ഘടകങ്ങൾ ഉൾപ്പെടുത്തി 331 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് സ്റ്റേറ്റ് പ്ലാനിൽ അംഗീകാരം ലഭ്യമാക്കിയിരുന്നു. ഇതിൽ ഉൾപ്പെട്ട ഇൻടേക്ക് പമ്പ് ഹൗസിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇൻടേക്ക്കിണറിന്റെ നവീകരണം, പഞ്ചാരമുക്ക്, ചെമ്പൻ മുടി ജല സംഭരണികളുടെ നിർമ്മാണം, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, മുക്കം, ഇടപ്രമല പമ്പ് ഹൗസുകളിൽ പമ്പ് സെറ്റ് സ്ഥാപിക്കൽ, 400 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള കരാർ |

| ചോദ്യം | | | മറുപടി |
|---|---|---|---|
| | | | ഒപ്പിട്ടിട്ടുണ്ട്.<br>പെരുനാട് അത്തിക്കയം പദ്ധതിയുടെ രണ്ടാം ഘട്ടം പ്രവൃത്തികൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 4140 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് പാക്കേജുകളായി തിരിച്ചാണ് രണ്ടാം ഘട്ടം പദ്ധതി നിർവഹണം നടത്തുന്നത്. രണ്ടാം ഘട്ടം പദ്ധതിയിൽ പെരുനാട്, അത്തിക്കയം പഞ്ചായത്തുകളിലേക്കാവശ്യമായ വിതരണ ശൃംഖല പൂർണമായും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പാക്കേജ് ഒന്നിൽ ഉൾപ്പെട്ട ഏഴ് സോണുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഇതിൽ ഏഴ് സോണുകളിലേക്കുള്ള വിതരണ ശൃംഖല, ജല ശുദ്ധീകരണശാല മുതൽ മണംപുഴ സമ്പ്, ഉന്നതതല ജലസംഭരണി എന്നിവ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയ്ൻ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. പാക്കേജ് രണ്ടിൽ ഉൾപ്പെടുത്തിയ സോൺ 8 മുതൽ 11 വരെയുള്ള വിതരണ ശൃംഖല, മാമ്പാറ ജലസംഭരണി, പഞ്ചാരമുക്ക് സംഭരണി, മുണ്ടൻമല ലോ ലെവൽ ഹൈ ലെവൽ സംഭരണികൾ, ചെമ്പൻ മുടി സംഭരണി എന്നിവയിലേക്കുള്ള പമ്പിങ് മെയിനുകൾ, മുണ്ടൻമല ലോ ലെവൽ പമ്പ് ഹൗസ്, മുണ്ടൻമല ഹൈ ലെവൽ സംഭരണി നിർമ്മാണം എന്നീ പ്രവൃത്തികൾ 18.09.2019-ൽ ആരംഭിച്ചു. ഇത് പൂർത്തിയാകുന്നതോടെ രണ്ടു പഞ്ചായത്തുകളിലെയും വിതരണ ശൃംഖല ഉൾപ്പെടെയുള്ള ഘടകങ്ങൾ (പമ്പ് സെറ്റുകൾ ഒഴികെ) പൂർണ്ണമാകും.<br>പാക്കേജ് മൂന്നിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പമ്പ് ഹൗസുകളിലേക്കുള്ള പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. <u>അയിരൂർ-കാഞ്ഞീറ്റുകര</u><br>NRDWP-യിൽ 1400 ലക്ഷം രൂപയുടെ ഭരണാനുമതി |

| | | | |
|---|---|---|---|
| | ചോദ്യം | | മറുപടി |
| | | | ലഭിച്ച ഒന്നാം ഘട്ടത്തിലുൾപ്പെടുത്തിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഇൻടേക് വെൽ, പമ്പിങ് മെയിൻ, തേക്കുമുകൾ ടാങ്കിലേക്കുള്ള ഗ്രാവിറ്റി മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച് നിലവിലുള്ള വിതരണശൃംഖല വഴി ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നു. ഗ്രീൻ ബുക്കിൽ 2800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തിയ വിതരണശൃംഖലയുടേയും ജലസംഭരണികളുടേയും പമ്പ് ഹൗസിന്റേയും നവീകരണ പ്രവൃത്തികളും പൂർത്തീകരണഘട്ടത്തിലാണ്.<br>3. <u>നിലയ്ക്കൽ-കൊല്ലമുള</u><br>സീതത്തോട് നിലയ്ക്കൽ കുടിവെള്ള പദ്ധതിക്കായി 909 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡിൽ ലഭിച്ച ഒന്നാം ഘട്ടത്തിലുൾപ്പെട്ട പ്രവൃത്തികളായ ശുദ്ധീകരണശാല, ഇൻടേക് കിണറും പമ്പ് ഹൗസും എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. 120 കോടി രൂപയുടെ ഭരണാനുമതി നബാർഡിൽ നൽകിയ രണ്ടാം ഘട്ടത്തിലെ പ്രവൃത്തികൾ 4 പാക്കേജുകളായാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഒന്നാം പാക്കേജിലുൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്.<br>4. <u>കൊല്ലമുള- അരയാഞ്ഞിലിമൺ</u><br>NRDWP-യിൽ 800 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കൊല്ലമുള കുടിവെള്ളപദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ വെൺകുറിഞ്ഞി സമ്പിലേക്കുള്ള ഗ്രാവിറ്റി മെയിൻ, പാമ്പിരിക്കുംപാറ ജലസംഭരണി വരെയുള്ള ഗ്രാവിറ്റി മെയിൻ, വെൺകുറിഞ്ഞി സമ്പിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം എന്നിവ പൂർത്തീകരിച്ചു.<br>ഒന്നാം ഘട്ടത്തിൽ അവശേഷിക്കുന്ന പ്രവൃത്തികൾക്ക് 320 ലക്ഷം രൂപയുടെ ഭരണാനുമതി സ്റ്റേറ്റ് പ്ലാനിൽ |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഇതിലുൾപ്പെട്ട പ്രവൃത്തികളായ തലമുട്ടിയാനി പമ്പിങ് മെയിൻ, ഓലിക്കലിൽ സമ്പും പമ്പ് ഹൗസും തലമുട്ടിയാനി സംഭരണി പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ ഇവയുടെ എസ്റ്റിമേറ്റ് പുതുക്കി പുനർ ദർഘാസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കുന്നതിനായുള്ള DER തയ്യാറാക്കി വരുന്നു.<br><br>പ്രളയദുരിതാശ്വാസ പദ്ധതി 2018-ൽ 5 കോടി രൂപയുടെ ഭരണാനുമതി നല്കിയ അരയാഞ്ഞിലിമൺ പദ്ധതിയുടെ ദർഘാസ് നടപടികൾ നടന്നുവരുന്നു.<br><br><u>അങ്ങാടി-കൊറ്റനാട്</u><br>അങ്ങാടി-കൊറ്റനാട് പദ്ധതിയ്ക്ക് സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 2475 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ശുദ്ധീകരണശാല നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മണ്ണ് പരിശോധനയും കോണ്ടൂർ മാപ്പും തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചെങ്കിലും ജല ജീവൻ മിഷന്റെ സംസ്ഥാന വിഹിതം വകയിരുത്തുന്നതിന്റെ ഭാഗമായി മേൽ ഭരണാനുമതി റദ്ദാക്കേണ്ടിവന്നു. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഓരോന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (ബി) | 1. പെരുനാട്-അത്തിക്കയം – 12/2020<br>2. അയിരൂർ-കാഞ്ഞീറ്റുകര – 03/2020<br>3. നിലയ്ക്കൽ - 09/2021<br>4. കൊല്ലമുള – 12/2020 |

**സെക്ഷൻ ഓഫീസർ**